[redacted]

കേരള സർക്കാർ

നം .41630/ആർസി4/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ്,
തിരുവനന്തപുരം, തീയതി:25.9.2014.

## സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - പുഴഭാഗം പാട്ടത്തിന് നല്കുന്നതിന്മേൽ മാർഗ്ഗനിർദ്ദേശം - പുറപ്പെടുവിക്കുന്നു.

പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിൽ നിക്ഷിപ്തമായിട്ടുള്ള നദികൾ, പുഴകൾ എന്നിവയുടെ ഭാഗങ്ങൾ ടി സ്ഥാപനങ്ങൾ ദീർഘകാലത്തേയ്ക്കോ താത്ക്കാലികമായോ പാട്ടത്തിന് നല്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ചുവടെ കൊടുക്കുന്ന നിയമവശം ടി സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 218(1), 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 208എ(1) വകുപ്പ് എന്നിവ അനുസരിച്ച് പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവ അവകാശം നല്കത്തക്ക വിധത്തിൽ ഉൾപ്പടെയുള്ള എല്ലാ പൊതുജലമാർഗ്ഗങ്ങളും നദികളുടെ തടങ്ങളും തീരങ്ങളും ചെറുപുഴകളും ജലമാർഗ്ഗങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ നീരുറവകളും ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യവസ്തുവല്ലാത്ത തൊട്ടടുത്ത് കിടക്കുന്ന ഏതെങ്കിലും ഭൂമിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്ത്, പൂർണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതും ആകുന്നു, എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

പുഴയിലെയും കുളത്തിലെയും മറ്റു നീരുറവകളിലെയും കുടിവെള്ളവും മറ്റ് ജൈവസമ്പത്തുകളും പൊതുജനങ്ങളുടെ ഉപയോഗത്തിനുള്ള ചിരാനുഭവ അവകാശമാണെന്ന കാര്യം ഈ വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. ആകയാൽ ഇവ വാണിജ്യാവശങ്ങൾക്ക് താത്കാലികമായോ സ്ഥിരമായോ നിയമവിധേയമല്ലാതെ അന്യാധീനപ്പെടുത്താനുള്ള അവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കില്ല എന്നത് ശ്രദ്ധേയമാണ്. ഈ വകുപ്പിൽ മൂന്നാം ഉപവകുപ്പനുസരിച്ച്, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി തൊട്ടടുത്തതും അതിനോട് ചേർന്നുള്ളതുമായ പൊതുഭൂമിയുടെ ഭരണം സർക്കാരിന് ഏറ്റെടുക്കാം എന്നുള്ളതല്ലാതെ പുഴഭാഗമോ അതിനോട് ചേർന്നുള്ള ഭൂമിയോ സ്ഥിരമായോ താത്കാലികമായോ അന്യാധീനപ്പെടുത്താനുള്ള അവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കില്ല തന്നെ.

..2/-

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 218(4), 1994 ലെ കേരള മുനിസിപ്പൽ ആക്ട് 208എ(4) എന്നിവ പ്രകാരം പുഴയുടെ ഉത്പന്നങ്ങളായ മണൽ, ഒഴുകിവരുന്ന തടി, മത്സ്യസമ്പത്ത്, ജലം എന്നിവ ചൂഷണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അവകാശം ഉണ്ട്. കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 8,11 എന്നിവ പ്രകാരം പരസ്യലേല പ്രകാരമോ ടെണ്ടറുമൂലമോ ഇത് രണ്ടും നടന്നില്ലെങ്കിൽ നെഗോസ്യേഷനിലൂടെയോ ഇത്തരം ഉൽപന്നങ്ങൾ ശേഖരിക്കാനുള്ള അവകാശം ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക്, പുഴയുടെ ഉപയോഗത്തേയും പരിസ്ഥിതിയേയും ദോഷകരമായി ബാധിക്കാത്ത വിധം, പ്രത്യേക അനുമതി പ്രകാരം നല്കുന്നതിന് നിർദ്ദേശം ലഭിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് പരിഗണിക്കേണ്ടതാണ്. നിശ്ചിത ഉൽപ്പന്നങ്ങൾ അല്ലാതെ പുഴയുടെയോ, നീർത്തടത്തിന്റെയോ ഏതെങ്കിലും ഭാഗം താത്കാലികമായോ സ്ഥിരമായോ അന്യാധീനപ്പെടുന്നതിന് അനുവദിക്കുന്നത് നിയമവിരുദ്ധമാണ്.

ആയതിനാൽ നദികളുടെയും പുഴകളുടെയും ഏതെങ്കിലും ഭാഗം ദീർഘകാലത്തേയ്ക്കോ താത്ക്കാലികമായോ അന്യാധീനപ്പെടുത്തരുതെന്നും, ഇതിനകം പുഴഭാഗം പാട്ടത്തിന് നല്കിയിട്ടുണ്ടെങ്കിൽ അത്തരം നടപടി നിയമവിരുദ്ധമാകയാൽ എത്രയും വേഗം പാട്ടം റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇതിനാൽ കർശന നിർദ്ദേശം നല്കുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എൽബിഎ&എ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്,തിരുവനന്തപുരം
ഡയറക്ടർ , ഇൻഫർമേഷൻ കേരളാ മിഷൻ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.